(ബി) സ്കൂൾ കുട്ടികൾക്കായുള്ള നോട്ടുബുക്കു നിർമ്മാണ പദ്ധതിക്കു ഇതിനു മുമ്പുള്ള വർഷങ്ങളിൽ അനുവദിച്ച കടലാസ് കാട്ടയുടെ നാലിലൊന്നുപോലും പല ബുക്കു നിർമ്മാണകേന്ദ്രങ്ങൾക്കും ലഭിച്ചിട്ടില്ലെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നോട്ടു ബുക്കുനിർമ്മാണത്തിനു ആവശ്യമായ കടലാസ്സിൻെറ വിതരണം യഥാസമയം നടത്താതിരിക്കുവാൻ കാരണമെന്താണ്;

(ഡി) വരും വർഷങ്ങളിൽ ഇതാവർത്തിക്കാതിരിക്കാൻ കാലേക്കൂടി തന്നെ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) വിപണിയിൽ നോട്ടുബുക്കുകളുടെ വില വർദ്ധിച്ചതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സൗജന്യനിരക്കിൽ ഭാരതസർക്കാർ അനുവദിക്കുന്ന പേപ്പർ മില്ലുകളിൽ നിന്നും പൂർണ്ണമായി ലഭിക്കാത്തതുകൊണ്ട്.

(ഡി) സൗജന്യനിരക്കിൽ കേന്ദ്രസർക്കാർ ആവശ്യമായ പേപ്പർ യഥാസമയം അനുവദിക്കുകയും അവ പൂർണ്ണമായി മില്ലുകളിൽനിന്നും ലഭിക്കുകയും ചെയ്താൽ മാത്രമേ വരും വർഷങ്ങളിൽ കടലാസ്സിൻെറ വിതരണം യഥാസമയം നടത്താൻ സാധിക്കുകയുള്ളൂ.

സഹകരണ ജീവനക്കാർക്ക് കോമൺ കേഡർ

* 257 [396] ശ്രീ. നാലകത്ത് സൂപ്പി:
,, കെ. പി. എ. മജീദ്:
,, എം. പി. എം. ഇസഹാക്ക് കുരുക്കൾ:
,, ഇ. ററി. മുഹമ്മദ് ബഷീർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാർക്ക് ഒരു കോമൺ കേഡർ നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇന്ത്യയിൽ മറേറതെങ്കിലും സംസ്ഥാനത്ത് ഇത് നടപ്പിലാക്കിയിട്ടുള്ളതായി അറിയുമോ;

(ഡി) കോമൺ സർവ്വീസ് നടപ്പിലാക്കാനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി. എം. കമലം):

(എ, ബി) സഹകരണ സംഘം ജീവനക്കാർക്ക് ഒരു കോമൺ കേഡർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

എന്നാൽ പരീക്ഷണാർത്ഥം എന്ന നിലയിൽ സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കിലേയും സീനിയർ ലവൽ ഉദ്യോഗസ്ഥ വിഭാഗത്തിൽ കോമൺ കേഡർ ഏർപ്പെടുത്താൻ സാധിക്കുമോ എന്ന കാര്യം ആലോചിക്കുന്നതിനുവേണ്ടി ഒരു കരടു സ്കീം സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ ബാങ്കുകൾക്കും അഭിപ്രായം ആരായുവാൻ വേണ്ടി രജിസ്ട്രാർ അയച്ചു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽനിന്നും ഇതു സംബന്ധിച്ച വിവരം ആരാഞ്ഞിരുന്നു. പ്രസ്തുത സംസ്ഥാനങ്ങളിൽനിന്നും കിട്ടിയ വിവരമനുസരിച്ച് തമിഴ്നാട്ടിൽപ്രാഥമിക ഭൂപണയ ബാങ്കുകളിലെ സെക്രട്ടറിമാർക്ക് ഇത് ബാധകമാക്കിയിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിലെ സെക്രട്ടറിമാർക്കും സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും പ്രധാന ഉദ്യോഗസ്ഥൻമാർക്ക് വേണ്ടിയും ഒരു കോമൺ കേഡർ ഉണ്ടാക്കിയിട്ടുണ്ട്. മഹാരാഷ്ട്രയിൽ ഇതു സംബന്ധിച്ച് യാതൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

(ഡി) ഒരു കോമൺ കേഡർ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടില്ലാത്തതിനാൽ മാനദണ്ഡം നിശ്ചയിക്കേണ്ടി വന്നിട്ടില്ല.

ഭൂപണയ കമ്മിറ്റിയുടെ ശുപാർശകൾ

* 258 [397] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. ഹംസ:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, ടി. കെ. ആറുമുഖൻ:
,, കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പഴയ പി. എച്ച്. ഇ. ഡി. യിലെ എൻ. എം. ആർ. ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 1981-ൽ നിയമിക്കപ്പെട്ട ഭൂപണയ കമ്മിറ്റിയുടെ ശുപാർശകളിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) സി. എൽ. ആർ. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്ന കമ്മിറ്റിയുടെ ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഗവൺമെൻറ് അംഗീകരിച്ചു നടപ്പിലാക്കിയ ശുപാർശകൾ താഴെ പറയുന്നു. (1) 5 വർഷത്തെ എൻ. എം. ആർ. സർവ്വീസ് പൂർത്തിയാക്കിയവരെ റെഗുലർ എസ്റ്റാബ്ലിഷ്മെൻറിൽ ഉൾപ്പെടുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (2) വിദേശത്ത് ജോലി ചെയ്യുന്നതിന് 5 വർഷത്തെ അവധി എൻ. എം. ആർ. ജീവനക്കാർക്ക് നൽകാൻ ഉത്തരവായിട്ടുണ്ട്. (3) റെഗുലർ എസ്റ്റാബ്ലിഷ്മെൻറ് സർവ്വീസിൽ ഉള്ളതുപോലെ പെൻഷൻ ആനുകൂല്യം എൻ. എം. ആർ. ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. (4) ഫാമിലി ബെനിഫിറ്റ് സ്കീമിൻറെ പ്രയോജനം എൻ. എം. ആർ. ജീവനക്കാർക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കമ്മിറ്റി ശുപാർശ ചെയ്തതനുസരിച്ച് 12 മാസത്തിനുള്ളിൽ 240 ദിവസം ജോലി ചെയ്തിട്ടുള്ള സി. എൽ. ആർ. ജീവനക്കാരെ എൻ. എം. ആർ. ആക്കുന്നതിനുള്ള ഉത്തരവ് ആയിട്ടുണ്ട്. 4-7-1985-ൽ ഇതിനു മുൻപു ഇപ്രകാരം 240 ദിവസം ജോലി ചെയ്ത സി. എൽ. ആർ. ക്കാരെ എൻ. എം. ആർ. ആക്കുവാൻ അതോറിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അത് ഗവൺമെൻറിൻറെ പരിഗണനയിലിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly